# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *581

27.10.2011 ലെ മറുപടിക്ക്

**കാർഷിക വായ്പകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. റ്റി.യു. കുരുവിള**<br>**ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>**(സഹകരണ വകുപ്പ് മന്ത്രി)** |
| എ) സഹകരണ ബാങ്കുകൾ/സംഘങ്ങൾ എന്നിവ മുഖേന നൽകുന്ന കാർഷിക വായ്പകൾ കൃഷി ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | എ) | സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവരുടെ ഉത്തരവാദിത്വത്തിലും മേൽ നോട്ടത്തിലും കാർഷിക വായ്പ ആവശ്യമുള്ള , അർഹതയുള്ള മുഴുവൻ കർഷകർക്കും ലഭ്യമാക്കുന്നതിനും വായ്പയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി പരമാവധി കാർഷിക വായ്പാ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണവും, നടത്തിപ്പും, കാര്യക്ഷമവും ഫലപ്രദവുമായി സംഘടിപ്പിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച പ്രകാരം പഞ്ചായത്ത് തലത്തിലും, ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കാർഷികാവശ്യത്തിന് കുറഞ്ഞ നിരക്കിൽ നൽകുന്ന വായ്പ കാർഷികേതര ആവശ്യത്തിനാണ് ഉപയോഗിക്കുന്നതെങ്കിൽ അത്തരം വായ്പകൾ കൈപ്പറ്റിയ തീയതി മുതൽ തന്നെ കാർഷികേതര വായ്പയായി കണക്കാക്കുന്നതിനും ടി വായ്പക്ക് ബാധകമാക്കിയിട്ടുള്ള പലിശ നിരക്ക് ചുമത്തുന്നതിനും നിർദ്ദേശം നിലവിലുണ്ട്. |
| ബി) കർഷകർക്കായി പ്രാഥമിക കാർഷിക സംഘങ്ങളും ഗ്രാമവികസന ബാങ്കുകളും എന്തെല്ലാം വായ്പാ സൗകര്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; | ബി) | കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ മേഖല വഴി കാർഷിക വായ്പകൾ സുഗമമായും കുറഞ്ഞ പലിശ നിരക്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ സംസ്ഥാനത്തെ കാർഷിക വായ്പാ മേഖലകളിലും കാർഷിക രംഗത്തും കർഷകർക്ക് ആവശ്യമായ വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകി വരുന്നു. കൂടാതെ, നെൽകൃഷിയ്ക്ക് സ്റ്റെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പലിശ രഹിത വായ്പ അനുവദിച്ച വരുന്നുണ്ട്.<br>ഇതിനു പുറമെ കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് പരമാവധി 11% പലിശ നിരക്കിൽ വായ്പ നൽകി വരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ കാർഷിക ആവശ്യങ്ങൾക്കും/കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമായി കൂടുതൽ വായ്പകൾ നൽകണമെന്ന് സെൻട്രൽ ബാങ്ക് കോൺഫറൻസിൽ തീരുമാനിച്ചിട്ടുണ്ട്. |

ഹ്രസ്വകാല കാർഷിക വിള വായ്പകൾ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന 7% പലിശ നിരക്കിലാണ് വിതരണം ചെയ്തു വരുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് 2011-2012 വർഷം മുതൽ 3% പലിശ സബ് വെൻഷൻ കേന്ദ്ര സർക്കാർ അനുവദിക്കുന്നുണ്ട്. 2011-2012 വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിൽ വായ്പയെടുക്കുന്ന കൃഷിക്കാരെയും വായ്പ നൽകുന്ന സ്ഥാപനങ്ങളെയും ഒരേ സമയം സംരക്ഷിക്കുന്നതിന് കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കായി ഒരു ഉത്തേജക പലിശ ഇളവ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കാർഷിക വായ്പ എടുക്കുന്ന ഏതൊരാൾക്കും പ്രസ്തുത വായ്പാ തുക കൃത്യമായി തിരിച്ചടയ്ക്കുന്ന പക്ഷം 5% പലിശ ഇളവ് നൽകുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഫലത്തിൽ കർഷകർക്ക് 0% പലിശ നിരക്കിൽ കാർഷിക വായ്പ ലഭ്യമാകുന്നതാണ്. നെൽ കർഷകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി സംസ്ഥാനത്ത് ഇപ്പോൾ തന്നെ നടപ്പാക്കിയിട്ടുണ്ട്.

സി) സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത് ജപ്തി നടപടികൾ നേരിടുന്ന ദുർബലവിഭാഗങ്ങളെ അതിൽ നിന്നും ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സി) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും പട്ടി ജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവർ എടുത്തിരുന്നതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകൾക്ക് കടാശ്വാസം ആനുകൂല്യം അനുവദിച്ച് 12.11.2009-ൽ സർക്കാർ ഉത്തരവായിരുന്നു. ടി പദ്ധതിയുടെ സമയപരിധി 22.08.2011-ലെ സർക്കാർ ഉത്തരവ് പ്രകാരം 31.12.2011-വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സഹകരണ ബാങ്കുകൾ/സംഘങ്ങളിൽ നിന്നും മത്സ്യ ത്തൊഴിലാളികൾ 31.12.2007-വരെ മത്സ്യബന്ധ നോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സാചെലവുകൾ, പെൺ മക്കളുടെ വിവാഹം എന്നീ കാര്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ, തുടർന്നു വരുന്നതോ ആയ ജപ്തിനടപടികൾ ഉൾപ്പെടെയുള്ള റിക്കവറികൾ 31.03.2012 വരെ നിർത്തി വയ്ക്കുന്നതിന് 05.08.2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ സർക്കാർ കാലാകാലങ്ങളിൽ നടപ്പാക്കി വരുന്ന കുടിശ്ശിക നിവാരണ പദ്ധതികൾ, കടാശ്വാസ പദ്ധതികൾ എന്നിവയിൽ കൂടി സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തവർക്ക് ആശ്വാസമായ ഇളവുകൾ നൽകി വരുന്നു. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ട "ആശ്വാസ്-2011" കുടിശ്ശിക നിവാരണ പദ്ധതി കാലയളവിൽ (2011 ജൂലൈ 1 മുതൽ സെപ്റ്റംബർ 15 വരെ) വായ്പകളുമായി ബന്ധപ്പെട്ട ജപ്തി നടപടികൾ സഹകരണ സംഘം രജിസ്ട്രാർ നിർത്തി വച്ചിട്ടുണ്ടായിരുന്നു.

**സെക്ഷൻ ഓഫീസർ**